# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.8492/21/Vig/Land

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 30 /06/2025

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭൂമികളിലെ അനധികൃത കൈയ്യേറ്റം - ഭൂമി സംബന്ധമായ റിക്കാർഡുകൾ യഥാസമയം ലഭ്യമാക്കുന്നത് - സംബന്ധിച്ച്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വം ഭൂമി 1913 കാലഘട്ട ത്തിൽ അന്തിമമാക്കപ്പെട്ട സെറ്റിൽമെന്റ് റിക്കാർഡ് പ്രകാരം പുറമ്പോക്ക് ദേവസ്വം തനത് എന്നിങ്ങനെ വിവിധ രീതികളിലായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 12/04/1922 വരെ ദേവസ്വം ഭരണം റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കീഴിലായിരുന്നതിനാലാണ് മേൽ പ്രകാരം സെറ്റിൽമെന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. പിൽക്കാലത്ത് ക്ഷേത്രങ്ങളുടെയും അവയുടെ സ്വത്തുക്കളുടെയും നടത്തിപ്പ് സർക്കാർ ഏറ്റെടുക്കുകയും ദേവസ്വം വകുപ്പ് എന്ന് പ്രത്യേകം വകുപ്പ് രൂപീകരിക്കപ്പെട്ടു.

ദേവസ്വം ഡിപ്പാർട്ട്മെന്റ് പ്രത്യേകമായതോടെ ദേവസ്വത്തിന്റെ കൈവശം നില വിലുണ്ടായിരുന്നതും, പുറമ്പോക്ക് എന്ന നിലയിൽ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിരുന്ന തുമായ ദേവസ്വം ഭൂമി ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ വന്നു ചേരുകയുണ്ടായി. എന്നാൽ റവന്യൂ റിക്കാർഡുകളിൽ ദേവസ്വം ഭൂമി പുറമ്പോക്ക് എന്ന് രേഖപ്പെടുത്താനുണ്ടായ മേൽ സാഹചര്യം പരിഗണിക്കാതെ നൂറ്റാണ്ടുകളായി ദേവസ്വത്തിന്റെ അധീനതയിൽ ഉള്ള ഭൂമി സർക്കാർ പുറമ്പോക്കാണെന്ന് തെറ്റായി നിഗമനം നടത്തി റവന്യൂ റിക്കാർഡുകളിൽ പുറമ്പോക്ക് എന്ന് ഇനം മാറ്റി രേഖപ്പെടുത്തി വന്നിട്ടുള്ളതാണ്.

ഇപ്രകാരം ഇനംമാറ്റപ്പെട്ട ഭൂമി തിരികെ ദേവസ്വം വക എന്ന് തിരുത്തി റവന്യൂ റിക്കാർഡുകളിൽ രേഖപ്പെടുത്തുന്നതിലേയ്ക്കായി ബന്ധപ്പെട്ട തഹസീൽദാർ (എൽ.ആർ) മുമ്പാകെ വ്യക്തമായ ശുപാർശ സഹിതം അപേക്ഷ ഹാജരാക്കേണ്ടതുമാണ്. ആയതിന് മുന്നോടിയായി ഭൂമി സംബന്ധമായ റിക്കാർഡുകൾ ദേവസ്വം ഭൂസംരക്ഷണ വിഭാഗം മുഖാന്തിരം വ്യക്തമായി പരിശോധിപ്പിക്കേണ്ടതുമാണ്.

മേൽ പ്രകാരം ദേവസ്വം ഭൂമി ഇനംമാറി കിടക്കുന്നത് കൂടാതെ, മുൻകാലങ്ങ ളിൽ വ്യാപകമായ കൈയ്യേറ്റത്തിലൂടെ ദേവസ്വം ഭൂമി നഷ്ടപ്പെടുവാനും ഇടവന്നിട്ടുള്ളതാണ്. ഇപ്രകാരം നഷ്ടപ്പെട്ട ഭൂമി തിരിച്ചെടുക്കുവാനുള്ള നടപടികൾ നിരവധി നിയമ നടപടികളിൽ ഉൾപ്പെട്ട് കിടക്കുകയാണ്. എന്നാൽ ദേവസ്വം ഭൂമികളിലെ അനധികൃത കൈയ്യേറ്റം തടയുന്ന തിലേയ്ക്ക് ഭൂമികൾ സർവ്വേ ചെയ്ത് അതിർത്തികൾ സ്ഥാപിക്കുന്നതിനും, കൈയ്യേറ്റവുമായി ബന്ധപ്പെട്ട് സ്ഥലപരിശോധന നടത്തുന്നതിനും മറ്റും ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസീൽദാർ ആഫീസിൽ നിന്നും ലാന്റ് സ്പെഷ്യൽ ആഫീസിൽ നിന്നും ഭൂമി സംബന്ധ മായ റിക്കാർഡുകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെടുമ്പോൾ പലതും യഥാസമയം ഹാജ രാക്കാത്തതിനെ തുടർന്ന് ഒഴിപ്പിക്കൽ നടപടികൾ കൃത്യമായി സ്വീകരിക്കുവാൻ സാധിക്കുന്നി ല്ലായെന്ന് വിവരിച്ച് ടി ആഫീസുകളിൽ നിന്നും നിരന്തരം അറിയിപ്പുകൾ ലഭിച്ചുവരുന്നു. ദേവസ്വം ഭൂമി ഏത് മാർഗ്ഗത്തിലൂടെയായാലും അന്യ കൈവശം പോകുവാനുള്ള സാദ്ധ്യത കൾ പൂർണ്ണമായും നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ, ദേവസ്വം ഭൂമികളിലെ അനധികൃത കൈയ്യേറ്റം തടയുന്നതിലേയ്ക്ക് ഭൂമികൾ യഥാസമയം സർവ്വെ ചെയ്ത് അതിർത്തികൾ സ്ഥാപിക്കുന്നതിനും, കൂടാതെ റവന്യൂ രേഖകളിൽ ഇനം മാറി കിടക്കുന്ന ദേവസ്വം ഭൂമി തിരുത്തൽ വരുത്തി ദേവസ്വം ഭൂമിയുടെ ഉടമസ്ഥാവകാശം ദേവസ്വത്തിന്റേതായി റിക്കാർഡുകളിൽ പുനഃസ്ഥാപിച്ചടുക്കുന്നതിനും ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസീൽദാർ ആഫീസ്, ലാന്റ് സ്പെഷ്യൽ ആഫീസ് എന്നിവിടങ്ങളിൽ നിന്നും രേഖകൾ/റിക്കാർഡുകൾ ആവശ്യപ്പെടുമ്പോൾ ആയത് വീഴ്ച കൂടതെയും, കാലതാസം വരുത്താതെയും ഹാജരാക്കുന്നതിന് എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെയും ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ടി ഉത്തരവ് കൃത്യമായി പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം വീഴ്ച വരുത്തുന്നതിനിടയാക്കിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും

ദേവസ്വം കമ്മീഷണർ
(ഇൻ-ചാർജ്ജ്)
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്;-
1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2) ലാ ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3) സ്പെഷ്യൽ തഹസിൽദാർ ഭൂസംരക്ഷണം വിഭാഗം
4) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
5) ലാന്റ് സ്പെഷ്യൽ ആഫീസർ
6) ഐ.റ്റി സെക്ഷൻ, ദേവസ്വം കമ്മീഷണറാഫീസ്
7) സെക്ഷൻ ഫയൽ

Jyo.